9-ാം വർഷം
2026
ജൂലൈ 5, ഞായർ
ശ്ലീഹ ഏഴാം ഞായർ

Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS

ദൈവസ്നേഹത്തിന്റെ ആഴവും പരിശുദ്ധാത്മാവിന്റെ വാഗ്ദാനവും...

സംഖ്യ 11:16-18, 24-30, 1 സാമു 16:14-23, ഗലാ 5:16-26, യോഹ 14:15-20, 25-26

ക്രിസ്തീയ ജീവിതത്തിന്റെ കാതലായ വശങ്ങളെ വ്യക്തമാക്കുന്ന വചനഭാഗങ്ങളാണ് ജൂലൈ അഞ്ചിന് (ശ്ലീഹ 7-ാം ഞായർ) സഭ വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. സംഖ്യയുടെ പുസ്തകത്തിൽ, മോശയോടൊപ്പം ജനത്തെ ദൈവേഷ്ടപ്രകാരം നയിക്കാൻ 70 പേരെ തിരഞ്ഞെടുത്ത് അവർക്ക് മോശയിലുള്ള (ദൈവ) ചൈതന്യത്തിന്റെ തന്നെ ഒരു ഭാഗം പകർന്നുനൽകി നേതൃനിരയിലേക്ക് ഉയർത്തുന്നു.

സാമുവലിന്റെ പുസ്തകത്തിൽ ദുഷ്പ്രവൃത്തികളാൽ ദൈവാത്മാവിനെ നഷ്ടപ്പെടുത്തുന്ന സാവൂൾ രാജാവ്, ദൈവം അയക്കുന്ന ദുരാത്മാവിനാൽ പീഡിപ്പിക്കപ്പെടുന്നതും, അപ്പോഴെല്ലാം അവന് ആശ്വാസം നൽകാൻ 'ദൈവാത്മാവ് നിറഞ്ഞ' ദാവീദിന്റെ കിന്നര സംഗീതത്തിന് കഴിയുന്നതും വിവരിക്കുന്നു.

ഗലാത്തിയർക്കുള്ള ലേഖനഭാഗത്ത് ജഡമോഹങ്ങൾക്ക് കീഴ്പ്പെടാതെ ആത്മാവിന്റെ പ്രേരണയിൽ നയിക്കപ്പെടാൻ ക്രിസ്തുശിഷ്യർക്കുള്ള ഉപദേശങ്ങളാണ്. വി. യോഹന്നാൻ സുവിശേഷം 14-ാം അദ്ധ്യായത്തിൽ തന്റെ കുരിശുമരണത്തിനും വേർപാടിനും തൊട്ടുമുമ്പ് താൻ സ്നേഹിച്ച ശിഷ്യന്മാരോടുള്ള യേശുവിന്റെ വിടവാങ്ങൽ പ്രസംഗമാണ് പ്രതിപാദിക്കുന്നത്. അത്യന്തം ദുഃഖിതരും ഭയചകിതരുമായ ശിഷ്യന്മാരെ ആശ്വസിപ്പിക്കാനും, അവർക്ക് വരാനിരിക്കുന്ന സ്വർഗ്ഗീയ സഹായത്തെക്കുറിച്ച് ബോധ്യപ്പെടുത്താനുമാണ് യേശു ശ്രമിക്കുന്നത്.

ദൈവാത്മാവിന്റെ അഭിഷേകത്താൽ നിറഞ്ഞ് ദേവാലയങ്ങളാകുന്ന മനുഷ്യർ, ലോകം മുഴുവൻ സ്നേഹത്തിന്റെ പ്രവാചകരാകുന്ന സുവിശേഷപ്രഘോഷണമാണ് ഇന്നത്തെ ചിന്തകളുടെ അടിസ്ഥാനം.

പഴയനിയമ വായനകളിൽ ഒന്നായ സാമുവലിന്റെ ഒന്നാം പുസ്തകം, ഏറെ ശ്രദ്ധയർഹിക്കേണ്ട ഒരാത്മീയ പശ്ചാത്തലമാണ് വിവരിക്കുന്നത്. ദൈവത്തോടുള്ള നിരന്തരമായ അനുസരണക്കേട് കാരണം, സാവൂൾ രാജാവിന്റെ ജീവിതത്തിലേക്ക് കടന്നുവരുന്ന ദുരാത്മാവ് അവന്റെ സമാധാനവും വിവേകവും കുടുംബവും രാജ്യവും, ഒടുവിൽ ജീവനും വരെ തകർത്തുകളഞ്ഞു. ഒരുവൻ ദൈവാത്മാവിനെ നഷ്ടപ്പെടുത്തുന്നതിന്റെയും,

ഷാജി ആനാന്തുരുത്തി

അതുവഴി ദുരാത്മാവിന് ഹൃദയത്തിൽ ഇടംനൽകുന്നതിന്റെയും ഭയാനകമായ അനന്തരഫലമാണ് സാവൂൾ രാജാവിന്റെ ചരിത്രം കാണിക്കുന്നത്. ദൈവാത്മാവ് നഷ്ടപ്പെട്ടതിനുശേഷം സാവൂളിന്റെ ജീവിതത്തിലുണ്ടാകുന്ന അധ:പതനങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കുന്നത് നല്ലതാണ്.

തീവ്രമായ അസൂയയും, മാനസികവിഭ്രാന്തിയും!

കേവലം കിന്നരം മീട്ടി നടന്നിരുന്ന ഇടയബാലൻ ദാവീദ്, ഗോലിയാത്തിനെ വധിച്ചതിനുശേഷം അവനുണ്ടാകുന്ന പേരും പ്രശസ്തിയും സാവൂൾ രാജാവിന് സഹിക്കുന്നില്ല; അവന്റെയുള്ളിൽ കടുത്ത അസൂയ ഉടലെടുത്തു. 'സാവൂൾ ആയിരങ്ങളെ കൊന്നു, ദാവീദോ പതിനായിരങ്ങളെ' എന്ന് ജനങ്ങൾ പാടിയത് രാജാവിനെ ഭ്രാന്തനാക്കി.

ദാവീദിനെ കൊല്ലാനുള്ള നിരന്തര ശ്രമങ്ങൾ!

ദുരാത്മാവിന്റെ സ്വാധീനത്തിൽ തന്റെ ഉള്ളിലുണ്ടായ ഭയവും കോപവും, വീണ മീട്ടി തനിക്ക് ആശ്വാസം നൽകാൻ തന്നോടൊപ്പം നിന്ന ദാവീദിനെ കൊല്ലാൻ നിരവധി തവണയാണ് സാവൂളിനെ പ്രേരിപ്പിക്കുന്നത്. അവൻ തന്റെ ശത്രുവല്ലെന്ന് സ്വപുത്രൻ പോലും കരഞ്ഞു പറഞ്ഞിട്ടും, ദുരാത്മാവ് പ്രേരിപ്പിക്കുമ്പോൾ 'കൊല്ലരുതെന്ന ദൈവകല്പനയെ' ലംഘിക്കാനാണ് സാവൂൾ ദാവീദിന്റെ പിന്നാലെ പായുന്നത്.

ആത്മീയ അന്ധതയുടെയും ക്രൂരതയുടെയും അത്യന്തം ഭയാനകമായ അവസ്ഥ!

താൻ ദൈവത്തിന്റെ അഭിഷിക്തനാണെന്ന കാര്യം പോലും സാവൂൾ മറക്കുന്നു; അവന്റെ വിവേചനബുദ്ധി പൂർണ്ണമായും നശിക്കുന്നു. ദാവീദിന് അഭയം നൽകി എന്ന ഒറ്റക്കാരണത്താൽ 'നോബി'ലെ 85 പുരോഹിതരെ ഒറ്റദിവസം കൊലപ്പെടുത്തുന്നു; ആ പട്ടണത്തിലെ സ്ത്രീകളെയും കുട്ടികളെയും മൃഗങ്ങളെയുമൊക്കെ വാളിനിരയാക്കുന്നു!

സ്വപുത്രനുനേരെ വാളുമായി!

ഭ്രാന്തമായ കോപം സാവൂളിന്റെ കുടുംബത്തിൽ പോലും കൊടുങ്കാറ്റുണ്ടാക്കുന്നു. ദാവീദിനെ ന്യായീകരിച്ചു സംസാരിച്ച കിരീടാവകാശിയായ മൂത്തമകനെവരെ കൊല്ലാൻ അവൻ വാളെടുത്തു കഴിഞ്ഞു.

അഭയം ദൈവത്തിലാണെന്നു മറന്ന്, ആഭിചാരക്രിയകളിലേക്ക്!

ഫെലിസ്ത്യ സൈന്യത്തിനുമുമ്പിൽ ഭയന്ന സാവൂൾ, അഭയം തേടുന്നത് മന്ത്രവാദിനിയിലാണ്. രാജാവിന്റെ ഏറ്റവും വലിയ ആത്മീയ അധ:പതനം!

ആത്മഹത്യയും, ദാരുണമായ അന്ത്യവും!

ദുരാത്മാവിനാൽ നയിക്കപ്പെട്ട സാവൂളിന്റെ ദാരുണമായ അന്ത്യം ഗിൽബോവ പർവ്വതത്തിലെ യുദ്ധക്കളത്തിലായിരുന്നു. ഇസ്രായേൽ പരാജയപ്പെട്ടു; മക്കൾ കൊല്ലപ്പെട്ടു; ദാരുണമായി മുറിവേറ്റ സാവൂൾ ശത്രുകൈകളിൽ അകപ്പെടുമെന്ന് ഉറപ്പായപ്പോൾ സ്വന്തം വാളിൽ വീണ് ആത്മഹത്യ ചെയ്തു! ഫെലിസ്ത്യർ അവന്റെ തലയറുത്ത് ദേഹം മതിലിൽ കെട്ടിതൂക്കി.. എല്ലാമുണ്ടായിട്ടും ദൈവാത്മാവ് നഷ്ടപ്പെട്ടവന്റെ ഭയാനകമായ അന്ത്യം!

എന്നാൽ, ദൈവാത്മാവു നിറഞ്ഞ ദാവീദിന്റെ ജീവിതം സാവുളിന്റെ പരാജയങ്ങൾക്കു നേർവിപരീതമാണ്. ഒരു വലിയ യുദ്ധവീരന്റെ പരിചയസമ്പത്തോ കവചങ്ങളോ ഇല്ലാതിരുന്നിട്ടും പരിശുദ്ധാത്മാവ് നൽകിയ ആത്മധൈര്യത്താൽ അവൻ ഗോലിയാത്തിനെ നേരിട്ടു. ദുരാത്മാവിന്റെ ഉപദ്രവങ്ങളിൽ ദാവീദിന്റെ സാന്നിധ്യം സാവൂൾ രാജാവിന് ആശ്വാസമായി. പിന്നീട്, സാവൂൾ രാജാവ് അവനെ കൊല്ലാനായി നിരന്തരം ശ്രമിച്ചപ്പോഴും, ദൈവാത്മാവ് അവന് സുരക്ഷയുടെ കവചമൊരുക്കി. ഉള്ളിലെ പരിശുദ്ധാത്മാവിന്റെ നിറവിൽ ശത്രുവിനോട് (സാവൂൾ രാജാവ്) ക്ഷമിക്കാനും ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാനും ദാവീദിനു കഴിഞ്ഞു. ദാവീദിന്റെ കരങ്ങളിലൂടെ യുദ്ധവിജയങ്ങളും, അങ്ങനെ ഇസ്രായേലിന്റെ സുവർണ്ണ കാലഘട്ടവും സംജാതമായി. ജറുസലെമിനെ തലസ്ഥാനമാക്കി, ചിതറിക്കിടന്ന ഗോത്രങ്ങളെ ഒരുമിപ്പിച്ച്, വലിയൊരു സാമ്രാജ്യം കെട്ടിപ്പടുക്കാൻ ആത്മാവ് അവന് ഭരണാധികാരവും ജ്ഞാനവും നൽകി.

ദാവീദ് കേവലമൊരു രാജാവോ യോദ്ധാവോ മാത്രമായിരുന്നില്ല; വലിയ പ്രവാചകനും സങ്കീർത്തകനുമായിരുന്നു. ആത്മാവിന്റെ പ്രചോദനത്താൽ അവനെഴുതിയ സങ്കീർത്തനങ്ങൾ ഇന്നും കോടിക്കണക്കിന് മനുഷ്യർക്ക് ആശ്വാസവും ധൈര്യവും നൽകുന്നു. എന്നാൽ, ദാവീദിനും കുറവുകളുണ്ടായിരുന്നു എന്ന് മറക്കരുത്. ബത്ഷെബായുടെ പേരിൽ അവൻ പാപം ചെയ്തു. നാഥാൻ പ്രവാചകൻ അത് ചൂണ്ടിക്കാണിച്ചപ്പോൾ ഹൃദയം തകർന്നു പശ്ചാത്തപിച്ചു (സങ്കീർത്തനം 51). 'ദൈവമേ, നിന്റെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്നെടുക്കരുതേ' എന്ന് അവൻ മാറത്തടിച്ച് നിലവിളിച്ചു. ഈ പശ്ചാത്താപം, ദൈവത്തിനോട് വീണ്ടും അനുരജ്ഞനപ്പെടാനുള്ള വലിയ ആത്മീയ വിജയം ദാവീദിനു നൽകി.

ഇനി സുവിശേഷത്തിലെ യേശുവിന്റെ വാക്കുകളിലേക്ക് വരാം. പീഡാനുഭവ-കുരിശുമരണത്തിനു മുമ്പ് ശിഷ്യന്മാരോടുള്ള അന്ത്യമൊഴികൾ... പല നേതാക്കന്മാരും ഇത്തരം അനുഭവ ങ്ങളിലൂടെ കടന്നു പോയിട്ടുണ്ട്!

അപ്പ ദീപോ ഭവ: "Be a light unto yourself" or "Be your own lamp"

തന്റെ മരണത്തിനു തൊട്ടുമുമ്പ് ശിഷ്യനായ ആനന്ദനോടും മറ്റ് ഭിക്ഷുക്കളോടും ശ്രീബുദ്ധൻ നടത്തിയ വിടവാങ്ങൽ പ്രസംഗത്തിലെ വരികളാണിവ. 'എല്ലാ സംസ്കൃതവസ്തുക്കളും നശിക്കുന്നവയാണ്. അതുകൊണ്ട്, ഉദാസീനരാകാതെ നിങ്ങളുടെ സ്വന്തം മുക്തിക്കായി ജാഗ്രതയോടെ വർത്തിക്കുക. നിങ്ങൾ, നിങ്ങൾക്കുതന്നെ ദീപമാകുക'.

ഹെംലോക്ക് എന്ന വിഷം കഴിച്ച് മരിക്കാൻ വിധിക്കപ്പെട്ട ഗ്രീക്ക് തത്ത്വചിന്തകനായ സോക്രട്ടീസ് മരണത്തിനു തൊട്ടുമുമ്പ് തന്റെ സ്നേഹിതരോടും ശിഷ്യന്മാരോടും ദീർഘമായി സംസാരിച്ചു. മരണത്തെ ഭയപ്പെടരുതെന്നും ആത്മാവ് അമർത്യമാണെന്നും അദ്ദേഹം അവരെ പഠിപ്പിച്ചു. ചരിത്രത്തിലും പുരാണങ്ങളിലുമൊക്കെ ഇത്തരം നിരവധി വിടവാങ്ങൽ രംഗങ്ങൾ അനാവരണം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ അവയിൽ നിന്നൊക്കെ വ്യത്യസ്തമാണ്, ഇന്നത്തെ സുവിശേഷത്തിലെ യേശുമൊഴികൾ!

സ്നേഹവും, അനുസരണവും

കൽപ്പനകൾ പാലിക്കുക, ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല എന്ന ഉറപ്പോടെ തന്റെ കല്പന പാലിച്ച് തന്നെ സ്നേഹിക്കാനാണ് അവിടുന്ന് ശിഷ്യന്മാരോട് ആവശ്യപ്പെടുന്നത്. യേശുവിനെ സ്നേഹിക്കുക എന്നാൽ അവിടുത്തെ സ്നേഹത്തിൽ ജീവിക്കുക എന്നാണർത്ഥം. ദൈവത്തെ സ്നേഹിക്കുന്നവൻ, സഹോദരനെയും സ്നേഹിക്കുന്നു. യേശുവിനോടുള്ള സ്നേഹമെന്നത് കേവലം വൈകാരികമായ ഒരനുഭൂതിയല്ല; മറിച്ച് അത് പ്രവൃത്തികളിലൂടെ തെളിയിക്കപ്പെടേണ്ട ഒന്നാണ്. ആഴമായ സ്നേഹത്തിൽനിന്ന് സ്വാഭാവികമായിട്ടുണ്ടാകുന്ന

അനുസരണത്തെയാണ് 'കല്പനകളുടെ അനുസരണത്തിലൂടെ' യേശു ആവശ്യപ്പെടുന്നത്.

സഹായകനായ പരിശുദ്ധാത്മാവ്

ഈ സുവിശേഷത്തിലെ ഏറ്റവും പ്രധാനപ്പെട്ട സന്ദേശം "മറ്റൊരു സഹായകനെ" (The Advocate/ Helper) കുറിച്ചുള്ള വാഗ്ദാനമാണ്. ബൈബിളിന്റെ ഗ്രീക്ക് മൂലഗ്രന്ഥത്തിൽ ഇതിനായി ഉപയോഗിച്ചിരിക്കുന്ന പദം 'പാരാക്ലിറ്റോസ്' (Parakletos) എന്നാണ്. കൂടെനിൽക്കുന്നവൻ, സഹായി, ആശ്വസിപ്പിക്കുന്നവൻ, വക്താവ്, ഉപദേശകൻ എന്നൊക്കെയാണ് അർത്ഥം. പുതിയ നിയമത്തിൽ ആകെ 5 തവണ മാത്രമാണ് ഈ പദം ഉപയോഗിച്ചിട്ടുള്ളത്. നാലു തവണ യോഹന്നാൻ സുവിശേഷത്തിലും (14:16, 14:26, 15:26, 16:7) ഒരു തവണ യോഹന്നാന്റെ ലേഖനത്തിലും (1 യോഹ.2:1). രണ്ട് ഗ്രീക്ക് വാക്കുകൾ ചേർന്നതാണ് ഈ പദം; അരികിൽ / കൂടെ എന്നർത്ഥം വരുന്ന *Para, വിളിക്കുക എന്നർത്ഥമുള്ള **Kletos/ Kalein. കൂടെ നിൽക്കാൻ അല്ലെങ്കിൽ സഹായിക്കാൻ വിളിക്കപ്പെട്ടവൻ എന്ന് വിശദീകരിക്കാം. ഒരു വ്യക്തിക്ക് സ്വന്തമായി അഭിമുഖീകരിക്കാനാവാത്ത പ്രതിസന്ധികളിൽ, അവന് താങ്ങാകാനും സഹായിക്കാനും വേണ്ടി ഒപ്പം നിർത്തുന്ന ആളെയാണ് ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്.

അനാഥരല്ല എന്ന ഉറപ്പും, ദൈവാലയമാകാനുള്ള വിളിയും

'ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, ഞാൻ നിങ്ങളുടെ അടുത്തേക്ക് വരും' (14:18). ഈ വാക്ക് ഭയചകിതരായിരുന്ന അവന്റെ ശിഷ്യന്മാർക്ക് വലിയ പ്രത്യാശ നൽകി. മടങ്ങിവരവ്, അവന്റെ പുനരുത്ഥാനത്തെയും അതിലുപരി പന്തക്കുസ്താദിനം പരിശുദ്ധാത്മാവിലൂടെയുള്ള അവിടുത്തെ ആത്മീയ സാന്നിധ്യത്തെയുമാണ് സൂചിപ്പിക്കുന്നത്. കൂടാതെ, തന്റെ പ്രവൃത്തികൾ വഴി യേശുവിനെ സ്നേഹിക്കുന്നവർക്ക് അവിടുന്ന് നൽകുന്ന ഉറപ്പ് 23-ാം വാക്യത്തിൽ ശ്രദ്ധേയമാണ്. "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പാലിക്കും. അപ്പോൾ എന്റെ പിതാവ് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവൻറെ അടുത്തുവന്ന് അവനിൽ വാസമുറപ്പിക്കുകയും ചെയ്യും'. ഒരു മനുഷ്യൻറ ആത്മാവിനെ ദൈവാലയമാക്കി മാറ്റുന്ന അതിശയകരമായ രഹസ്യമാണിത്.

പന്തക്കുസ്താ ദിനത്തിലെ ആത്മീയ നിറവ്

യേശുവിന്റെ ഈ വാഗ്ദാനങ്ങളെല്ലാം ശിഷ്യന്മാരുടെ ജീവിതത്തിൽ നിറവേറിയത് പന്തക്കുസ്താദിനത്തിലാണ്. 'അപ്പസ്തോല പ്രവർത്തനങ്ങൾ' രണ്ടാം അദ്ധ്യായം 1 മുതലുള്ള വാക്യങ്ങളിൽ, യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം ജറുസലെമിലെ ഒരു മട്ടുപ്പാവിലിരുന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്ന 120 ഓളം പേർ എങ്ങനെ പരിശുദ്ധാത്മാവ് നിറഞ്ഞവരായി എന്ന് വിശദീകരിക്കുന്നു. ഭയചകിതരും നിരാശരുമായിരുന്ന ഒരു കൂട്ടം മനുഷ്യരെ, ലോകത്തെ കീഴ്മേൽ മറിച്ച ധീരരായ അപ്പസ്തോലന്മാരാക്കി മാറ്റിയത് ഈ അനുഭവമാണ്.

* യേശു വാഗ്ദാനം ചെയ്ത സഹായകനായ പരിശുദ്ധാത്മാവിന്റെ നിറവിൽ അവർ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.

* ഭയന്നു വിറച്ച് കതകടച്ചിരുന്നവർ (യോഹ. 20:19) ഭയലേശമില്ലാതെ പ്രഘോഷിക്കാൻ തുടങ്ങി. ദിവസങ്ങൾക്കുമുമ്പ് 'എനിക്കവനെ അറിയില്ല' എന്ന് നിർദാക്ഷിണ്യം തള്ളിപ്പറഞ്ഞ പത്രോസാണ് ജറുസലെമിൽ തിങ്ങിക്കൂടിയ ജനസാഗരത്തിനുമുമ്പിൽ എഴുന്നേറ്റുനിന്ന് ധീരമായി പ്രസംഗിച്ചത്.

* അധികാരികളുടെ ഭീഷണികൾക്ക് മുന്നിലും, 'മനുഷ്യരേക്കാൾ ദൈവത്തെയാണ് അനുസരിക്കേണ്ടത്" എന്ന് വിളിച്ചുപറയാനുള്ള ആത്മധൈര്യം അവർക്ക് ലഭിച്ചു.

* അവർ യേശുവിന്റെ വചനങ്ങളുടെ ആഴമേറിയ അർത്ഥം ഗ്രഹിച്ചു. പഴയ നിയമ പ്രവചനങ്ങൾ യേശുവിൽ പൂർത്തിയാകുന്നതെങ്ങനെയെന്ന് കൃത്യമായ ബോധ്യം ലഭിച്ചു. ജോയേൽ പ്രവാചകന്റെ പുസ്തകവും സങ്കീർത്തനങ്ങളും ഉദ്ധരിച്ചുകൊണ്ടാണ് പത്രോസ് പ്രസംഗിക്കുന്നത്.

* യേശുവിനെപ്പോലെ, അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കാൻ പരിശുദ്ധാത്മാവ് ശിഷ്യന്മാരെ പ്രാപ്തരാക്കി. കുരുടർക്ക് കാഴ്ച ലഭിച്ചു, മുടന്തർ നടന്നു, രോഗികൾ സൗഖ്യം പ്രാപിച്ചു. യേശുവിന്റെ നാമം പ്രഘോഷിക്കാൻ ആത്മാവ് നൽകിയ അമാനുഷിക ശക്തിയായിരുന്നു ഇത്.

* പത്രോസിന്റെ പ്രസംഗം 'സാർവ്വത്രികമായ സുവിശേഷ പ്രഘോഷണ'മായിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ അന്ന് ജറുസലെമിലുണ്ടായിരുന്നു. പത്രോസിന്റെ പ്രസംഗം അവരെല്ലാം കേട്ടത് സ്വന്തം മാതൃഭാഷയിലായിരുന്നു. യേശുവിന്റെ സുവിശേഷം ലോകത്തിന്റെ അതിരുകളിലേക്കെത്തിക്കാനുള്ള പരിശുദ്ധാത്മാവിന്റെ വലിയ കരുതലായിരുന്നു ഈ അന്യഭാഷാ ഭാഷണം.

ഉപസംഹാരം

മനുഷ്യസാധ്യമായ യാതൊരു പിൻബലവുമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ആദിമസഭ വളർന്നത്. കഠിനമായ റോമൻ സാമ്രാജ്യനിയമങ്ങൾക്കും യഹൂദമതത്തിന്റെ കൽപ്പിത വിലക്കുകൾക്കും മുകളിലൂടെ സഭ പടർന്നുപന്തലിച്ചത്, യേശു വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് എന്ന 'സഹായകൻ' ഓരോ വിശ്വാസിയെയും സഭയെയും പൂർണ്ണമായി നയിച്ചതുകൊണ്ട് മാത്രമാണ്. ആദിമ സഭയുടെ സ്ഥാപനത്തിലും അസാധാരണമായ വളർച്ചയിലും പരിശുദ്ധാത്മാവ് വഹിച്ച പങ്ക് അതീവ നിർണ്ണായകമായിരുന്നു. അതുകൊണ്ട് തന്നെ പുതിയ നിയമത്തിലെ 'അപ്പസ്തോലന്മാരുടെ പ്രവർത്തനങ്ങൾ' എന്ന പുസ്തകത്തെ പല ദൈവശാസ്ത്രജ്ഞരും 'പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ' (Acts of Holy Spirit) എന്നാണ് വിശേഷിപ്പിക്കുന്നത്. ഇസ്രായേലിന്റെ സുവർണ്ണകാലഘട്ടമായ ദാവീദിന്റെ ഭരണത്തിൽ ഉണ്ടായതുപോലെ, ക്രിസ്തുവിന്റെ സഭയുടെ വളർച്ചയിലും സുവിശേഷപ്രഘോഷണത്തിലും, 'കൂടെ നിൽക്കുന്ന ദൈവാത്മാവിന്റെ' ദാനങ്ങളാണ് സഹായകമാകുന്നത്.

നമ്മുടെ ജീവിതത്തിലുടനീളം ഈ ദൈവാത്മാവിന്റെ ദാനങ്ങളുടെ നിറവുണ്ടാകണം. ഗലാത്തിയരോട് പൗലോസ് ശ്ലീഹ പറയുന്നതുപോലെ 'സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം എന്നിവ ശീലങ്ങളാക്കാം. 'പാരാക്ലിറ്റോസ്' എന്നത് ഭയത്തിൽ നിന്നും അനാഥത്വത്തിൽനിന്നും ക്രിസ്തുവിശ്വാസിയെ പൂർണ്ണമായി മോചിപ്പിക്കുന്ന ദൈവത്തിന്റെ ജീവനുള്ളതും സജീവവുമായ ആന്തരിക സാന്നിധ്യമാണ് എന്ന് മറക്കാതിരിക്കാം.

(എൻജിനീയറും വ്യവസായിയും ആണ് ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com